Sl. No.	*Name and address*	*Date of cancellation*
66	The Shertallai Taluk Chethu Thozhilali Union (4/22), Muttom, Shertallai ..	10—10—1950
67	The Quilon Barbers' Union (7/22), Quilon ..	1— 8—1950
68	The Quilon Tailors' Union (8/22), Quilon ..	15—10—1950
69	Kollam Chethu Thozhilali Union (9/22), Quilon ..	21— 8—1950
70	The Kuthattukulam Chethu Thozhilali Union (10/22), Kuthattukulam ..	25—10—1950
71	The Vaikom Taluk Karshaka Thozhilali Union (12/22), Vaikom ..	21— 8—1950
72	Match Factory Workers' Union (13/22), Mudickal, Marampally ..	21— 8—1950
73	The Edappally Beedi Workers' Union (14/22), Edappally ..	31— 8—1950
74	The Karunagappally Taluk Beedi Thozhilali Union (15/22), Karunagappally ..	25— 9—1950
75	The Central and Northern Travancore Karshaka Thozhilali Union (18/22), Alleppey ..	12—10—1950
76	The All Travancore Steam and Motor Boat Crew Congress (25/23), Alleppey ..	12—12—1950
77	Nedumangad Taluk Karshaka Thozhilali Union (32/23), Nedumangad ..	11—11—1950
78	The Kovilthottam Thuramugha Thozhilali Union (42/23), Kovilthottam, Chavara ..	15—10—1950
79	The Shertallai Taluk Malsya Thozhilali Union (44/23), Pattanakad, Shertallai ..	25— 4—1950
80	The Viswakarma Labour Union (75/23), Trivandrum ..	12—10—1950
81	The Kottarakara Taluk Karshaka Thozhilali Union (103/23), Chadayamangalam ..	3—10—1950
82	The Eastern Travancore Thottam Thozhilali Union (121/23), Punalur ..	14—10—1950
83	The Thodupuzha Chethu Thozhilali Union (125/23), Karumkunnam, Thodupuzha ..	1— 8—1950
84	The Central Travancore Cashewnut Workers' Union (129/23), Kayamkulam ..	31— 7—1950
85	The Tata Oil Mills Co. Ltd., Staff Union, Tatapuram ..	27— 7—1950

ADJOURNMENT MOTION REGARDING MALABAR SPECIAL POLICE

Mr. Speaker: I would like to know what the Minister in charge has to say on questions of fact involved in the adjournment motions given notice of by Mr. Nambiar and Mr. A. K. George, regarding the alleged high handedness of the Malabar Special Police.

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): മലബാറിൽ ഇടത്തുരുത്തി എന്നു പറയുന്നതു് കാട്ടൂരിന്റെ സമീപത്തു് സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണു്. കാട്ടൂരിനും ഇടത്തുരുത്തിക്കും മദ്ധ്യേയായി ഒരു തോടുണ്ടു്. ആ തോട്ടിൽ ഒരു പാലവുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri T. K. Narayana Pillai]

ഫെബ്രുവരി മാസം ൨൮-൦൦-ാം തീയതിയിലെ രണ്ടാമാൾ അവിടെ ഒരു ഹരികഥാ കാലക്ഷേപം നടത്തുകയുണ്ടായി. ഹരികഥാകാലക്ഷേപം നടത്തിക്കൊണ്ടിരുന്ന മജ്ഞു അവർ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു് ശ്രമിച്ചു എന്നാണു് കാണുന്നതു്. എന്നാൽ അതിനുമുമ്പുതന്നെ ഇടത്തുരുത്തി ഗ്രാമത്തിൽ കമ്മ്യൂണിസ്റ്റുകാരുടെ സ്റ്റഡിക്ലാസുകൾ വളരെക്കാലമായി തുടച്ചയായി നടന്നു കൊണ്ടിരിക്കയാണെന്നും അതുകൊണ്ടു് അവിടെ ഒരു പോലീസ് ക്യാമ്പു് സ്ഥാപിക്കേണ്ടതു് ആവശ്യമാണെന്നും കാണിച്ചു മലബാർ പോലീസു് സൂപ്രണ്ടു് മദ്രാസ് ഗവൺമെണ്ടിനു് എഴുതി അയച്ചതായും അതിനെ തുടർന്നു അവിടെ ഒരു പൊലീസ് റിസർവ്വു് ക്യാമ്പു് സ്ഥാപിച്ചിട്ടുണ്ടായിരുന്നതായും അറിയുന്നു. അങ്ങിനെയിരിക്കെ ഫെബ്രുവരി മാസം ൨൨-ാംനു-യിൽ ഇടത്തുരുത്തിയിലുള്ള മൂന്നു കമ്മ്യൂണിസ്റ്റ് പ്രവർത്തകന്മാരെ പിടിക്കുന്നതിനായി ഏതാനും പൊലീസുകാർ ഒരു സബ്ബ് ഇൻസ്പെക്ടരുടെ നേതൃത്വത്തിൽ പുറപ്പെട്ടുകയുണ്ടായി. നാരായണൻ, ദാമോദരൻ, ബാലകൃഷ്ണൻ ഇങ്ങനെ മൂന്നുപേരാണു് അവർ. അവരെ പിടിക്കുന്നതിനായി ഇടത്തുരുത്തിയിലുള്ള ഏതാനും ആളുകളുടെ ഭവനങ്ങളും പൊലീസ് പരിശോധിക്കുകയുണ്ടായി. എന്നാൽ ആ ഭവനങ്ങളിൽ എങ്ങും അവരെ കണ്ടില്ല. ആ അന്വേഷണത്തിനുശേഷം മടങ്ങുന്ന അവസരത്തിൽ രണ്ടുപേർ തോട്ടിനു് കുറുക്കെയുള്ള പാലം കടന്നു അതിവേഗത്തിൽ ഓടുന്നതായി കണ്ടു എന്നും അവർ ആവശ്യമുള്ള മൂന്നുപേരിൽപ്പെട്ടവരായിരിക്കാൻ ഇടയുണ്ടെന്നു ന്യായമായ സംശയം ആ പോലീസുകാർക്കു് ഉണ്ടായി എന്നും അതുകൊണ്ടു് അവരെ പിൻതുടർന്നുകൊണ്ടു് പൊലീസുകാരു കാട്ടൂരിലേക്കു പോയി എന്നുമാണു് അറിയുന്നതു്. അങ്ങിനെ കാട്ടൂരിൽ ഏതാനും ദൂരം പോയപ്പോൾ അവിടത്തെ എക്സൈസ് സ്റ്റേഷനിൽ അവർ കയറിയിരിക്കാമെന്നു സംശയിച്ചു് പൊലീസുകാർ അവിടെ കയറുകയും എക്സൈസ് സ്റ്റേഷന്റെ വരാന്തയിലിരുന്നിരുന്ന ഒരാളിനെ അടിക്കുകയുമുണ്ടായി എന്നറിയുന്നു. ഈ സമയത്തു എക്സൈസ് സ്റ്റേഷനത്തുണ്ടായിരുന്ന ഗാർഡു് പുറത്തുവന്നു പോലീസുകാരോടു് ഈതു് തിരു–കൊച്ചിയുടെ അതൃത്തിയാണെന്നു അറിയിക്കുകയും അതേതുടർന്നു അവർ സ്ഥലം വിടുകയും ചെയ്തു. എക്സൈസ് സ്റ്റേഷനടുത്തായി ഒരു രണ്ടുനില കെട്ടിടം ഉണ്ടു്. ആ രണ്ടുനില കെട്ടിടത്തിൽ ഒരു ടൈപ്പുറൈട്ടിംഗ് ആഫീസും സോഷ്യലിസ്റ്റു് പാർട്ടിക്കാരുടെ ആഫീസും ഇടിച്ചിട്ടുണ്ടെന്നു അറിയുന്നു. ആ കെട്ടിടത്തിന്റെ വരാന്തയിൽ രണ്ടുപേർ ഇരിക്കുന്നതുകണ്ടു് സംശയിക്കപ്പെട്ട ആളുകളാവരായിരിക്കാമെന്നു കരുതി പൊലീസുകാർ ആ കെട്ടിടത്തിൽ പ്രവേശിച്ചു എന്നും അപ്പോൾ അവിടെ ഇരുന്നിരുന്ന ദാമോദരനേയും ബാലകൃഷ്ണനേയും അവർ പിടിച്ചു് ഇടത്തുരുത്തിയിൽ കൊണ്ടുപോയി ചില ചോദ്യങ്ങൾ ചോദിച്ചതിനുശേഷം വിട്ടയച്ചു എന്നും അറിയുന്നു. കുറുവാളികളെ കണ്ടുപിടിക്കുന്ന കാര്യത്തിൽ തിരു–കൊച്ചിയിലെ പൊലീസിനു് മലബാർ അതൃത്തിപ്രദേശങ്ങളിലും മലബാർ പൊലീസിനു് തിരു–കൊച്ചിയുടെ അതൃത്തിപ്രദേശങ്ങളിലും പ്രവേശിക്കുന്നതിനു് അധികാരം ഉണ്ടായിരുന്നു എന്നാണു് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. അധികാരം ഉണ്ടോ ഇല്ലയൊ എന്നു് തീർച്ചപറയുവാൻ നിവൃത്തിയില്ലെങ്കിലും അങ്ങിനെ ഒരു നടപ്പുണ്ടായിരുന്നു എന്നുള്ളതിനു് സംശയമില്ല. എക്സൈസ് സ്റ്റേഷനിൽ കയറി ഒരാളെ അടിച്ചതിനെപ്പറ്റി ഇവിടത്തെ ഐ. ജി. യും മദ്രാസിലെ ഐ. ജി. യുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കയാണു്. ഞാൻ നേരത്തെ പറഞ്ഞ ദാമോദരൻ, ബാലകൃഷ്ണൻ എന്നീ രണ്ടുപേരേയും പോലീസുകാർ പിടിച്ചു് ഇടത്തുരുത്തിയിലേക്കു് കൊണ്ടുപോയ

LIBRARY ARCHIVES Kerala Legislative Assembly

തല്ലാതെ ഈ സംസ്ഥാനത്തിന്റെ അതൃത്തിക്കകത്തുവെച്ച് മറ്റ് യാതൊന്നും ചെയ്യിട്ടില്ല. ഏതായാലും ഇതിനെസംബന്ധിച്ച് ഈ ഗവമ്മെണ്ടും മദ്രാസ് ഗവമ്മെണ്ടുമായി എഴുത്തുകുത്തുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.. കുറവാളികളെ പിടിക്കുന്നതിനായി അവരെ പിന്തുടർന്നുകൊണ്ടുപോകുമ്പോൾ സംസ്ഥാനത്തിന്റെ അതൃത്തിക്കകത്തുകടന്ന കുറവാളികളെ പിടിച്ചുകൊടുക്കുന്നതിനുള്ള അധികാരം ഒരു ഇൻസ്റ്റെക്ഷ്നെന്നാണ് കൊച്ചിയിലെ ക്രിമിനൽ പ്രൊസീഡിയർ കോഡിൽ കാണുന്നത്. ഇത്രയുമാണ് ഇതിനെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ഇട്ടീര അയ്യക്കൻ: ഈ ദാമോദരനും, ബാലകൃഷ്ണനും നമ്മുടെ സംസ്ഥാനത്തുള്ളവരാണോ? അതോ മലബാറുകാരാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: മലബാറുകാരാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: അങ്ങിനെയുള്ള കുറവാളികളെ ഇവിടത്തെ പോലീസ് പിടിച്ചുകൊടുക്കണമെന്നല്ലേ വ്യവസ്ഥ?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതെങ്കിലും കുറവാളിയെ പോലീസ് പിന്തുടർന്നുകൊണ്ടുവരികയാണെങ്കിൽ അതൃത്തിപ്രദേശങ്ങളിൽ കടന്നു പിടിക്കുടാമെന്നു വ്യവസ്ഥയുണ്ടെന്നാണറിയുന്നത്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവിടത്തെ പോലീസിനോട് അങ്ങിനെയുള്ള കുറവാളികളെ പിടിച്ചുകൊടുക്കാൻ ആവശ്യപ്പെടുകയും അവർ പിടിച്ചുകൊടുക്കയുംവേണം എന്നല്ലേ വ്യവസ്ഥ?

ശ്രീ. ടി. കെ. നാരായണപിള്ള: നിയമത്തിന്റെ ആ വശത്തെക്കുറിച്ചു എനിക്ക് അത്ര നിശ്ചയമില്ല.

മി. സ്പീക്കർ: ഇവിടെ പ്രസ്താവിച്ച കാരണങ്ങൾ അടിസ്ഥാനമാക്കി മലബാർ പോലീസുകാർക്ക് കൊച്ചി അതൃത്തികടന്ന അകത്തുവരുന്നതിന് ഇപ്പോൾ നിലവിലിരിക്കുന്ന നിയമപ്രകാരം അനുവാദമുണ്ടോ?

Sri T. K. Narayana Pillai: The Cochin Rules say as follows:—

3: "When a person accused of having committed in the Provinces of India an offence which, if committed in Cochin would be punishable under a section of the Cochin Penal Code specified in the Second Schedule hereto annexed, enters Cochin, with members of the Police Force, employed by the Central Governmet or by the Provincial Governments, in pursuit, the pursuing party may, subject to the provisions hereinafter contained continue the pursuit into and arrest the fugitive in Cochin.

4. The condition is:

(*a*) the pursuing party includes at least one officer holding in the Police Force employed by the Central Government or Provincial Governments' force a rank not lower than that of a Head Constable, and

(*b*) the circumstances are such that an application for the continuance of the pursuit and the effecting of the arrest by the Cochin Police would prejudice the prospects of effecting the arrest of the fugitive."

ഞാൻ പറഞ്ഞ ഈ മൂന്നാളുകൾ ഒരു ലഹളക്കേസ്സിൽ ഉൾപ്പെട്ടവരാണ്.

ശ്രീ. എ. താണുപിള്ള: പിന്നെ എങ്ങിനെയാണ് അവരെ ചോദ്യംചെയ്തിട്ട് വിട്ടയച്ചതു?

LIBRARY ARCHIVES Kerala Legislative Assembly

Sri. D. Ganasigamoni: That will not apply. That rule relates to a person who is an accused, but here the person is only a suspect. We were also told that the person referred to was engaged in communistic activities.

ശ്രീ. ടി. കെ. നാരായണപിള്ള: അവർ മലപ്പുറം ലഹളക്കേസിൽ ഉൾപ്പെട്ടവരാണ്.

ശ്രീ. എ. താണുപിള്ള: ലഹളക്കേസിൽ ഉൾപ്പെട്ടവരാണെങ്കിൽ എന്തിനാണ് പിടിച്ചുകൊണ്ടുപോയി ഏതാണ്ടൊ ചോദ്യങ്ങൾ ചോദിച്ചിട്ട് വിട്ടയച്ചത്?

മി. സ്പീക്കർ: ഈ ആളുകൾ ഏതെങ്കിലും കേസിൽ പ്രതികളായിരുന്നോ എന്നും അവരെ പിന്തുടർന്ന് സംസ്ഥാനാതൃത്തിക്കകത്തു് പ്രവേശിച്ചു് പിടിക്കുടന്നതിനു് മലബാർ പോലീസിനു് നിയമപ്രകാരമോ ക്രമനുസരിച്ചോ അധികാരമുണ്ടോ എന്നും വ്യക്തമാക്കുന്നതു് നന്നായിരിക്കും.

ശ്രീ. ടി. കെ. നാരായണപിള്ള. മലപ്പുറം ലഹളക്കേസിലെ ഒരു പ്രതിയാണു് നാരായണൻ എന്നയാൾ. നാരായണനെ സംബന്ധിച്ചു വിവരങ്ങൾ അറിയുന്നതിനാണു് ദാമോദരനേയും ബാലകൃഷ്ണനേയും പോലീസുകാർ പിടിക്കുടിയതു്. നാരായണനാണു് ലഹളക്കേസിലെ പ്രതി. ഇതാണു് റിപ്പോർട്ടുകൊണ്ടു് കാണുന്നതു്.

Mr. Speaker: If there is any report on this matter, the substance of it, to the extent to which it is relevant for the present purpose, may be made known to the House if there is nothing inconsistent with public interest in doing so.

ശ്രീ. ടി. കെ. നാരായണപിള്ള: നാരായണനാണെന്നു കരുതിയാണു് എക്സൈസ് സ്റ്റേഷനിൽ കയറി ഒരാളെ അടിച്ചതു്. ഒടുവിൽ അയാളല്ല നാരായണൻ എന്നറിഞ്ഞപ്പോൾ അയാൾ അടുത്ത രണ്ടുനിലക്കെട്ടിടത്തിൽ ഉണ്ടായിരിക്കുമെന്നു് സംശയിച്ചു് അവിടെ പോയി അന്വേഷിച്ചു. എന്നിട്ടു് അവിടേയും നാരായണൻ ഉണ്ടായിരുന്നില്ല.

Mr. Speaker: I think the version is that the police entered the Excise office and in their attempt to arrest a man there whom they wrongly suspected to be one Narayanan, assaulted him.

Sri. T. K. Narayana Pillai: Yes. But when it was found that he was not Narayanan, they left the man and again went upstairs in pursuit of Narayanan. That man was an accused in a criminal case and so the Police were justified in pursuing him.

Sri. P. Balakrishnan Tampi: On a point of information, Sir. Am I to take it that it was this Balakrishnan that was frantically pursued by the Malabar Police?

Sri. T. K. Narayana Pillai: The aim of the police was to go in pursuit of Narayanan and they were doing that.

Sri. P. Balakrishnan Tampi: Then how could one Balakrishnan be arrested for Narayanan's offence?

Sri. T. K. Narayana Pillai: The search was for one Narayanan. Apprehending the man at the front portion of the Excise office to be Narayanan, the Police pursued. When it was found that the man was not Narayanan, the search was conducted in the two-storied building nearby. In the course of that search—

Sri. P. Balakrishnan Tampi: I am interested in Balakrishnan. My question is how can one man be pursued for the offence committed by another according to the Criminal Procedure existing at present. Will the Minister explain that?

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Is there not an Extradition Act applicable in this connecction ? What is the law obtaining in Cochin and Travancore in respect of the procedure to be adopted in such cases ?

Sri. T. K. Narayana Pillai : In Cochin, the provisions of the Act could be made applicable in this instance whereas in Travancore the necessary provision is found in the rules of the Act.

Mr. Speaker : So, there is the law in force in one place and the rules in the other which justify the entry of the police into the Travancore-Cochin area. Is it so ?

Sri. T. K. Narayana Pillai : Cochin and Travancore have not been integrated. There is one law for Travancore and another law for Cochin and both are in force in the respective areas.

ശ്രീ. ഇട്ടീര അംബൂക്കൻ: സർ, ഈ സംഭവം നടന്ന കാട്ടൂരിലെ പ്രതിനിധിയായ ശ്രീ. എ. കെ. ജോജ്ജിനെ ഈ സംഭവത്തെക്കുറിച്ചു എന്തെങ്കിലും കൂടുതലായി ഈ സഭയെ അറിയിക്കുവാനുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. അതുകൊണ്ടു് അദ്ദേഹത്തിനു ഇതിനെസംബന്ധിച്ചു എന്തെങ്കിലും പറയുവാനുണ്ടോ എന്നു ആവശ്യപ്പെട്ടാൽ കൊള്ളാം.

മി. സ്പീക്കർ: ആ ബഹുമാനപ്പെട്ട മെമ്പറിനു വല്ലതും ഇതിനെസംബന്ധിച്ചു് അഭിപ്രായം പറയുവാനുണ്ടെങ്കിൽ അദ്ദേഹം ആവശ്യപ്പെട്ടാൽ അതിനു അനുവദിക്കുവാൻ വിരോധമില്ല.

ഈ അടിയന്തിരപ്രമേയത്തെക്കുറിച്ചു് പറഞ്ഞിട്ടുള്ള സ്റ്റേറ്റുമെൻറിൽ പല വിവരങ്ങളും അടങ്ങിയിട്ടുണ്ടു്.

ശ്രീ. എ. പി. നമ്പ്യാർ: എനിക്കു ഒരു സംഗതി ഈ വിഷയത്തെക്കുറിച്ചു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. മലബാറിലെ പോലീസു് ഇങ്ങോട്ടും നമ്മുടെ പോലീസു അങ്ങോട്ടുംപോയി പല കാര്യങ്ങളും നടത്താറുണ്ടു്. എന്നാൽ ഇവിടത്തെ പോലീസിൻെറ യാതൊരു സഹായവുംകൂടാതെ മലബാറിലെ പോലീസു ഇങ്ങോട്ടു കടക്കുകയും നമ്മുടെ എക്സ്പ്രസ് ചായക്കയിൽ പ്രവേശിക്കുകയും വഴിയിൽ കണ്ടവരുടെ മുഖത്തു് നോക്കി ആഭാസമായി സംസാരിക്കുകയും സോഷ്യലിസ്റ്റു പാർട്ടിയുടെ ആഫീസിൻെറ മുമ്പിൽ വച്ചിരുന്ന ബോർഡു എടുത്തുമാറി പല ഉപദ്രവങ്ങളുണ്ടാക്കുകയും നമ്മുടെ നാട്ടിൽനിന്നു രണ്ടുപേരെ തട്ടിക്കൊണ്ടുപോകുകയും ചെയ്തിരിക്കുന്നു. ആ രണ്ടുപേരെ നമ്മുടെ പോലീസിൻെറ യാതൊരു സഹായവുംകൂടാതെയും അവരുടെ ഉത്തരവോ അറിവോ കൂടാതെയും മലബാറിലേയ്ക്കു കൊണ്ടുപോയതു് വാസ്തവത്തിൽ രണ്ടു സ്റ്റേറ്റുകളേയും ബാധിക്കുന്ന ഗൌരവമേറിയ ഒരു സംഗതിയാണു. ഇതു പ്രതിപക്ഷത്തിരിക്കുന്ന എന്നെക്കാളും നമ്മുടെ ഗവൺമെണ്ടിനെ സാരമായി ബാധിക്കുന്ന ഒരു സംഗതിയാണു്.

മി. സ്പീക്കർ: രണ്ടു സ്റ്റേറ്റുകളും തമ്മിലുള്ള ബന്ധത്തെ സാരമായി ബാധിക്കുന്ന ഒരു വിഷയമാണു സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നിരിക്കുന്നതു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള സ്റ്റേറ്റുമെൻറിൽ പലസംഭവങ്ങളും അവിടെ നടന്നതായി പ്രസ്താവിച്ചിട്ടുണ്ടു്. റിപ്പോർട്ടുകളിൽനിന്നു ആ പ്രസ്താവനകളെല്ലാം ശരിയാണെന്നു വെളിപ്പെടുന്നില്ല. റിപ്പോർട്ടനുസരിച്ചു് അവിടെ നടന്നതായ സംഭവങ്ങൾ എന്തെല്ലാമാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഈ സഭയെ ഇപ്പോൾ അറിച്ചു. ഈ പ്രമേയത്തിനു അടിസ്ഥാനമാക്കിയിരിക്കുന്ന സംഭവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker]

ങ്ങളെ സംബന്ധിച്ച് പൂർണ്ണമായ വിവരം ഈ അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് അറിയുന്നതിനു് നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർ മി. താണുപിള്ള പ്രസ്ഥാപിച്ചതുപോലെ ഇതു സഭയുടെ ഗൌരവമായ ശ്രദ്ധയെ അർഹിക്കുന്ന ഒരു സംഗതിയാണു്. ഈ സംഗതിയെപ്പറ്റി നമ്മുടെ ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസ്, (ഐ. ജി.) യും ഗവൺമെണ്ടും മദ്രാസ് ഗവൺമെണ്ടിനു് എഴുതിയിട്ടുള്ളതായി ഇവിടെ പ്രസ്ഥാവിച്ച കേൾക്കുക ഉണ്ടായല്ലൊ.

ശ്രീ. ടി. കെ നാരായണപിള്ള: ഐ. ജി. ഇതിനെസംബന്ധിച്ച് എഴുതി അയച്ചു കഴിഞ്ഞു. ഗവൺമെണ്ടും ഉടനെ എഴുതിഅയയ്ക്കുന്നുണ്ടു്

മി. സ്പീക്കർ: ഐ. ജി. എഴുതിഅയച്ചു. ഗവൺമെൻറും ഉടനെ എഴുതി അയയ്ക്കുന്നതാണു്. ഇതു് രണ്ടു സ്റ്റേറ്റുകളേയും ബാധിക്കുന്ന ഗൌരവമായ ഒരു സംഗതിയായതുകൊണ്ടു് ഈ അവസരത്തിൽ ഇതിനെപ്പറ്റിയുള്ള വിവരങ്ങളും മുഴുവനും അറിയാതെ, ഒരു വാദപ്രതിവാദം ഇപ്പോൾ നടത്തുന്നതു് ഡിഹിതമായിരിക്കയില്ല. ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ കഴിയുന്നതുംവേഗം സംഭരിക്കയും, മദ്രാസ് ഗവൺമെണ്ടിനു എന്താണു് ഇതിനെ സംബന്ധിച്ചു് പറയാനുള്ളതു് എന്നറിയുകയും ചെയ്തതിനുശേഷം ഈ സെഷൻ കഴിയുന്നതിനു രണ്ടു ദിവസത്തിനുമുമ്പു്, ആ വിവരങ്ങളെല്ലാം സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതും പ്രമേയ രൂപത്തിൽ ഒരു വാദപ്രതിവാദം നടത്തത്തക്കതാണൊ എന്നു തീരുമാനിക്കുന്നതുമാണു്. ബഹുമാനപ്പെട്ട മെമ്പർ മി. താണുപിള്ള പ്രസ്ഥാവിച്ചതുപോലെ ഈ സംഗതി സെൻട്രൽ ഗവൺമെണ്ടിനെ അറിയിക്കേണ്ടതാണെങ്കിൽ അങ്ങിനേയും ചെയ്യാം. അതുകൊണ്ടു് ഈ മോഷനെ ഞാൻ ഇപ്പോൾ റൂളെടുത്ത് ചെയ്യുന്നില്ല. ഞാൻ ഇപ്പോൾ പ്രസ്ഥാവിച്ചതുപോലെ വേണ്ടവിവരങ്ങളും ഗ്രഹിക്കയും സഭയെ ധരിപ്പിക്കയും ചെയ്തതിനുശേഷം വേണ്ട തീരുമാനം ചെയ്യുന്നതാണു്. ഈ അടിസ്ഥാനത്തിൽ ഇതിനെ സംബന്ധിച്ചുള്ള ആലോചന മാറ്റിവച്ചിരിക്കുന്നു.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த அடியந்திரப் பிரேரணைகள் 'பெனடிங்'கில் இருக்கலாமா?

மி. ஸ்பீக்கர்: രൂപപ്രകാരം അടിയന്തിരപ്രമേയത്തിനു് ഒരു അടിയന്തിര സ്വഭാവം ഉണ്ടായിരിക്കണം എന്നുണ്ടു്. കുറച്ചുദിവസം കഴിഞ്ഞാൽ അതിന്റെ അർജൻസി പോകും എന്നു പറയുന്നതു് ശരിയല്ല. രൂപപ്രകാരം സ്പീക്കർക്കു് അടിയന്തിരസ്വഭാവം ഉണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കാവുന്നതാണു്.

സാഹിബ്ബു് ബഹദൂർ ടി. എ. മൈതീൻ കുഞ്ഞു്: ഈ സെഷൻ അവസാനിക്കുന്നതിമുമ്പു് മദ്രാസ് ഗവൺമെണ്ടിന്റെ മറുപടി കിട്ടിയില്ലെങ്കിൽ എന്തു ചെയ്യും?

മി. സ്പീക്കർ: അതു് അപ്പോൾ ആലോചിക്കാം.

GENERAL DISCUSSION ON THE BUDGET (*cont.*)

Sri. A. P. Udayabhanu: Sir, yesterday I was trying to deal with the textile famine in the country. The situation seems rather paradoxical in that though we are the greatest textile exporter in the world we experience acute shortage of textiles within the country. The causes which contribute to this situation are not only external but internal also. The labour strike in Bombay which continued for about two months reduced the output of cloth by 230 million yards and about 57 million lbs. of yarn. It is not only the shortage of cotton but the textile strike in Bombay also has contributed to the textile famine now prevailing.

LIBRARY ARCHIVES Kerala Legislative Assembly